വർഷം		ഇനം	തുക
	(ii)	വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള ഗ്രാന്റ്	105.21 കോടി രൂപ
	(iii)	വരൾച്ച ദുരിതാശ്വാസത്തിനുള്ള മുൻകൂർ പദ്ധതി സഹായം	1.47 ,,
	(iv)	1985-86 വാർഷിക പദ്ധതി നടത്തിപ്പിലേക്കുള്ള മുൻകൂർ ധന സഹായം	100.00 ,,
1986-87	(i)	1986-87 വാർഷിക പദ്ധതി നടത്തിപ്പിലേക്കുള്ള മുൻകൂർ ധന സഹായം	75.00 ,,
	(ii)	വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുള്ള ഗ്രാന്റ്	20.00 ,,

സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത

1302. [1951]. ശ്രീ. ഇ. പത്മനാഭൻ :
,, വി. ജെ. തങ്കപ്പൻ :
,, സി. ടി. കൃഷ്ണൻ :
,, ടി. കെ. ആറുമുഖൻ :
,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 മാർച്ച് 31, 1985 മാർച്ച് 31, 1986 മാർച്ച് 31 എന്നീ തീയതികളിലെ സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത എത്ര രൂപ വീതമായിരുന്നു ;

(ബി) ഇതിൽ സഹകരണ സംഘങ്ങൾക്ക് കൊടുക്കുവാനുണ്ടായിരുന്ന തുക എത്രവീതമായിരുന്നു ;

(സി) പൊതുമരാമത്തു പണികൾ ചെയ്ത വകയിൽ കോൺട്രാക്ടർമാർക്ക് കൊടുത്തു തീർക്കേണ്ടിയിരുന്ന തുക എത്ര വീതമായിരുന്നു ;

(ഡി) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻഡ് ഡിസ്പോസൽസ് അറിയിച്ചതനുസരിച്ച് സംസ്ഥാനത്തിനകത്തും, പുറത്തും വിവിധ കമ്പനികൾക്കും സ്ഥാപനങ്ങൾക്കും കൊടുത്തു തീർക്കേണ്ടിയിരുന്നത് എത്ര തുക വീതം ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര കടം, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ, മുൻകൂറുകൾ എന്നീ ഇനങ്ങളിലായി സംസ്ഥാന സർക്കാരിന്റെ കടബാദ്ധ്യത 31-3-1984 വരെ 1266.99 കോടി രൂപയും, 31-3-1985 വരെ 1474.63 കോടി രൂപയും, 31-3-1986 വരെ 1755.89 കോടി രൂപയുമാണ്.

(ബി) സഹകരണ സംഘങ്ങൾക്ക് ഇൻറസ്റ്റ് സബ്സിഡി ഇനത്തിൽ 362 ലക്ഷം രൂപ 31-3-1986 വരെ കൊടുത്തു തീർക്കാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമരാമത്തു പണികൾ നടത്തിയ വകയിൽ 31-3-1986 വരെ 18.23 കോടി രൂപ കൊടുത്തുതീർക്കാനുണ്ടെന്നാണോ ചീഫ് എഞ്ചിനീയറിൽ നിന്നും കിട്ടിയ വിവരം.

(ഡി) ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻറ് ഡിസ്പോസൽ മുഖേന വാങ്ങുന്ന സാധനങ്ങളുടെ വില അക്കൗണ്ടൻറ് ജനറൽ തന്നെ ഇൻവോയിസ് ലഭിക്കുന്ന മുറയ്ക്ക് അതാതു കണക്കുകളിൽ ബുക്ക് ചെയ്യുകയാണ് പതിവ്. അതിനാൽ ഈ ഇനത്തിൽ തുക കൊടുത്തു തീർക്കുന്നതിന് ബാക്കിയില്ല.

പിരിഞ്ഞു കിട്ടേണ്ട നികുതി

1303. [1952] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982-83 മുതൽ 1985-86 വരെ സർക്കാർ ഉത്തരവുകളനുസരിച്ച് സ്റേറ ചെയ്യപ്പെട്ടതുകാരണം പിരിഞ്ഞു കിട്ടേണ്ട തുക എത്ര ;

(ബി) അവയിൽ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് എത്ര ; സെയിൽസ് ടാക്സ് എത്ര ;

(സി) കോടതി സ്റേറ കാരണം ഓരോ ഇനത്തിലും ഓരോ വർഷവും പിരിഞ്ഞു കിട്ടേണ്ട തുക എത്ര ?

ഉത്തരം

(എ) 1947.16 ലക്ഷം രൂപ, ഇതു റവന്യൂ റിക്കവറി നടപടികളിൻമേലുള്ള സ്റേറ കൂടാതെയുള്ള തുകയാണ്.

(ബി) അഗ്രിക്കൾച്ചറൽ ഇൻകംടാക്സ്–156.94 ലക്ഷം രൂപ.
സെയിൽസ് ടാക്സ്–1790.22. രൂപ.

(സി) താഴെ കാണിച്ചിരിക്കുന്നു.

കോടതി സ്റേറ ഉത്തരവുമൂലം പിരിഞ്ഞുകിട്ടേണ്ട തുക

വർഷം	വിൽപ്പന നികുതി	കാർഷികാദായ നികുതി
1982-83	750.71 ലക്ഷം രൂപ	79.22 ലക്ഷം രൂപ
1983-84	774.51 ,,	77.03 ,,
1984-85	1493.23 ,,	61.08 ,,
1985-86	1913.46 ,,	79.52 ,,

LIBRARY ARCHIVES Kerala Legislative Assembly